# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 257   06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരിയിലെ ഡോക്ടർമാരുടെ പരാതിയിന്മേൽ 24/5/2013-ൽ സോളാർ തട്ടിപ്പ് കേസിലെ പ്രതി ശ്രീമതി.സരിത.എസ്.നായരെ തലശ്ശേരി പോലീസ് അറസ്റ്റ് ചെയ്യുന്നത് തടസ്സപ്പെടുകയുണ്ടായോ; ഇതിനു കാരണം എന്തായിരുന്നുവെന്ന് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ; | (എ) തടസ്സപ്പെടുകയുണ്ടായില്ല. |
| (ബി) അറസ്റ്റ് ചെയ്യാൻ തലശ്ശേരി പോലീസ് പെരുമ്പാവൂരിലേക്ക് പോയ ദിവസം തന്നെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ നിന്നും വിവരം ആഭ്യന്തര വകുപ്പ് മന്ത്രിയേയും, സരിതയേയും അറിയിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ;<br><br>(സി) സരിത അറസ്റ്റ് ചെയ്യപ്പെടുന്നതിന് മുൻപ് എത്ര തവണ ആഭ്യന്തരവകുപ്പ് മന്ത്രിയുമായി ഫോണിൽ സംസാരിക്കുകയുണ്ടായി; വിശദമാക്കാമോ? | (ബി) & (സി) പരാമർശ പ്രതി ഉൾപ്പെട്ട വിവിധ ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട പ്രസക്തമായ കാര്യങ്ങളാണ് എസ്.ഐ.റ്റി അന്വേഷിച്ചിട്ടുള്ളത്. അവ കോടതികളുടെ പരിഗണനയിലിരിക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. |

Mc/LL

സെക്ഷൻ ഓഫീസർ